**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **05-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ആശുപത്രികളിലെ ചികിത്സാ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ആശുപത്രികളിൽ ചികിത്സാ സംവിധാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സഹായത്തോടെ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സഹകരണ ആശുപത്രികളിൽ ചികിത്സാ സംവിധാനം വർദ്ധിപ്പിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച നടപ്പാക്കുന്നതാണ്. |
| (ബി) | രണ്ടാം ഘട്ട കോവിഡ് വ്യാപന സമയത്ത് കിടത്തി ചികിത്സാ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവക്ക് സഹകരണ ആശുപത്രികൾ ലഭ്യമാക്കിയ സഹായങ്ങൾ വിശദമാക്കുമോ; | (ബി) | രണ്ടാം ഘട്ട കോവിഡ് വ്യാപന സമയത്ത് വിവിധ ജില്ലകളിലായി സഹകരണ ആശുപത്രികൾ സി.എഫ്.എൽ.റ്റി.സി ആരംഭിക്കുകയും കോവിഡ് രോഗികൾക്കായി കിടക്കകൾ സജ്ജീകരിക്കുകയും, പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓക്സിമീറ്റർ, തെർമോമീറ്റർ, മാസ്ക്, സാനിറ്റൈസർ, കൈയുറകൾ, മരുന്നുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ രോഗ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. പോസ്റ്റ് കോവിഡ് രോഗികൾക്കായി പ്രത്യേക ക്ലിനിക് ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.ചില സഹകരണ ആശുപത്രികൾ ശസ്ത്രക്രിയ ആവശ്യമുള്ള കോവിഡ് രോഗികൾക്ക് പ്രത്യേകം ഓപ്പറേഷൻ തീയറ്ററും കോവിഡ് ബ്ലോക്കും സജ്ജീകരിച്ചിരുന്നു. |
| (സി) | കോവിഡ് ചികിത്സ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഊർജിതമാക്കാനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സഹകരണ ആശുപത്രികളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | കോവിഡ് ചികിത്സ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സഹകരണ ആശുപത്രികളിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് കോവിഡ് വാക്സിനേഷൻ നടത്തി വാക്സിനേഷൻ സാർവത്രികമാക്കുന്നതിന്റെ ഭാഗമായി ക്യാമ്പ് നടത്തുകയും, സ്ഥാപനങ്ങളിലും കിടപ്പുരോഗികൾക്ക് വീടുകളിൽ എത്തിയും വാക്സിനേഷൻ നൽകി.ആശുപത്രിയിൽ വരാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി ടെലിമെഡിസിൻ സംവിധാനം ഏർപ്പെടുത്തി. ചില സഹകരണ ആശുപത്രികളിൽ കോവിഡ് ക്രൈസിസ് മാനേജ് മെന്റ് ടീം രൂപീകരിച്ച് |

| | | | |
|---|---|---|---|
| | | | കോവിഡ് പ്രതിരോധ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ചില സഹകരണ ആശുപത്രികളിൽ കേന്ദ്രീകൃത ഓക്സിജൻ സപ്ലൈ സംവിധാനം കോവിഡ്- രോഗ ബോധവൽക്കരണത്തിന്റെ ഭാഗമായി വാക്സിൻ ചലഞ്ച്, ബോധവൽക്കരണ ക്യാമ്പ്, കോവിഡാനന്തര ചികിത്സ എന്നിവ നടത്തിവരുന്നു. ആശുപത്രി അണുവിമുക്തമാക്കുന്നതിന് ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. സർക്കാർ നിശ്ചയിച്ച നിരക്കിൽ ആന്റിജൻ, ആർ.ടി.പി.സി.ആർ പരിശോധന സംവിധാനങ്ങൾ ഏർപ്പെടുത്തി. |

സെക്ഷൻ ഓഫീസർ